**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1918** **05-07-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി വിഭാഗങ്ങൾക്കായി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി വിഭാഗങ്ങൾക്കായി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ ആദിവാസികൾക്ക് മാത്രമായി മൃഗസംരക്ഷണ വകുപ്പിൽ നിന്നും പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ വകുപ്പിലെ പൊതുവായ പദ്ധതികളിലെല്ലാം ടി വിഭാഗത്തിലുള്ളവരും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | 2016 മുതൽ മലപ്പുറം ജില്ലയിലെ ആദിവാസി വിഭാഗങ്ങൾക്കായി മൃഗസംരക്ഷണ വകുപ്പ് ഏതെല്ലാം പദ്ധതികൾക്ക് എത്ര തുകയാണ് ചെലവഴിച്ചതെന്ന് അറിയിക്കാമോ; ഗുണഭോക്താക്കൾ, പ്രദേശം, പദ്ധതി, വർഷം, നടപ്പാക്കിയ ഏജൻസി തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | മലപ്പുറം ജില്ലയിൽ ആദിവാസികൾക്ക് മാത്രമായി മൃഗസംരക്ഷണ വകുപ്പിൽ നിന്നും പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. |
| (സി) | കുടുംബശ്രീ വഴി മലപ്പുറം ജില്ലയിലെ ആദിവാസികൾക്ക് കന്നുകുട്ടികളെ വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; പ്രോജക്ട്, വർഷം, തുക, ഗുണഭോക്താക്കളുടെ എണ്ണം, തിരഞ്ഞെടുത്ത മാനദണ്ഡം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | ഉണ്ട്. മുരി ഇനത്തിൽപ്പെട്ട കന്നുകുട്ടികളെ കുടുംബശ്രീ അംഗങ്ങളായ ആദിവാസി വനിതകൾക്ക് മലപ്പുറം കുടുംബശ്രീ ജില്ലാ മിഷൻ മുഖേന വിതരണം ചെയ്തിട്ടുണ്ട്. "കുടുംബശ്രീ പട്ടിക വർഗ്ഗ സ്വയംപര്യാപ്ത അയൽക്കൂട്ടം - പ്രത്യേക ഉപജീവന പദ്ധതി - പോത്തുകുട്ടി പരിശീലനം - സബ്സിഡി അനുവദിക്കൽ " പദ്ധതി വഴി 2021-2022 സാമ്പത്തിക വർഷം 143 ഗുണഭോക്താക്കൾക്ക് (ഒരാൾക്ക് രണ്ട് മുരി ഇനത്തിൽപ്പെട്ട കന്നുക്കുട്ടി വീതം) ആകെ 38,61,000/- രൂപ (27,000/-രൂപ x 143 പേർക്ക്) നൽകിയിട്ടുണ്ട്. കുടുംബശ്രീ അയൽക്കൂട്ടത്തിൽ 6 മാസക്കാലമായി അംഗമായിട്ടുള്ളവർ, ജില്ലാ മിഷൻ സംഘടിപ്പിച്ച മൃഗപരിപാലന പരിശീലനത്തിൽ പങ്കെടുത്തിട്ടുള്ളവർ എന്നിവരാണ് പദ്ധതി പ്രകാരം ഗുണഭോക്താക്കളായിട്ടുള്ളത്. |
| (ഡി) | ആദിവാസി വിഭാഗങ്ങൾക്ക് കന്നുകുട്ടികളെയും കോഴി, ആട് മുതലായവയെയും വിതരണം ചെയ്യുന്ന പദ്ധതികളിൽ ഇടനിലക്കാരായ ആളുകൾ ഗുണനിലവാരം കുറഞ്ഞവയെയാണ് വിതരണം | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ചെയ്യുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഏതെങ്കിലും പരാതികൾ മലപ്പുറം ജില്ലയിൽ നിന്നും ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ